സംസ്ഥാനത്തെ സബ്ജയിലുകൾ

222. (267) ശ്രീ. കെ.എ.ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര സബ് ജയിലുകൾ ആണ് ഉള്ളത് ;

(ബി) ചിറ്റൂർ സബ് ജയിൽ ഇന്നുള്ള സ്ഥലത്തു നിന്നുമാറ്റാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ചിറ്റൂർ സബ്ജയിലിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 33

(ബി) ചിറ്റൂർ സബ്ജയിലിന്റെ പ്രവർത്തനം 1968 മാർച്ചിൽ അവസാനിപ്പിച്ചതാണ്.

(സി) മുകളിൽ കൊടുത്തിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

Mr. Speaker: Order, Order. The Question time is over.

II ADJOURNMENT MOTION

Death of one Shri Hameed in Malappuram Police lockup on December 21, 1976.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇന്നലെ മലപ്പുറം പോലീസ് സ്റ്റേഷൻ ലോക്കപ്പിൽവച്ച് ചീക്കുപ്പള്ളി ഹമീദ് എന്നയാൾ മരണമടഞ്ഞതിനെ തുടർന്ന ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് സർവ്വശ്രീ. പി. ജി. പുരുഷോത്തമൻപിള്ള, ടി. കെ. കൃഷ്ണൻ, പി. പി. കൃഷ്ണൻ, എം. സത്യനേശൻ എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

ആഭ്യന്തരമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സി. സി. 575-ാംനമ്പർ കേസിലെ പ്രതിയായ ശ്രീ. ഹമീദിനെ പിടികിട്ടാതെയിരിക്കുകയായിരുന്നു. ഇക്കഴിഞ്ഞ 20-ാം തീയതി ഉച്ചയോടുകൂടി അറസ്റ്റുചെയ്തു. ഒന്നേമുക്കാൽ മണിക്ക് അദ്ദേഹം ഭക്ഷണം കഴിച്ച് ലോക്കപ്പിൽ പോയി. എട്ടരമണിക്ക് ഫിറ്റിന്റെ ശല്യം കണ്ടപ്പോൾ ഉടൻതന്നെ ആശുപത്രിയിൽ ഡോക്ടറെ വിവരം അറിയിച്ചു. ഡോക്ടർ വന്നു പരിശോധിക്കുമ്പോൾ രോഗി മരിച്ചിരുന്നു. ആദ്യം ഇൻക്വസ്റ്റു നടത്തിയിരുന്നു. എന്നായാലും ലോക്കപ്പിലിരിക്കുമ്പോൾ മരിച്ചു എന്ന കാരണത്താൽ അത് കൂടുതൽ അന്വേഷിക്കണമെന്നുള്ള നിലയിൽ അപ്പോൾത്തന്നെ ഞാൻ കളക്ടറെ വിളിച്ച് അന്വേഷിക്കണമെന്നു പറയുകയും മൃതദേഹം പോസ്റ്റുമോർട്ടം ചെയ്യാൻ കാലിക്കട്ട് മെഡിക്കൽ കോളേജിലേക്ക് അയക്കുകയും ചെയ്തിരിക്കുകയാണ്. റിപ്പോർട്ടുകൾ കിട്ടിയതിനുശേഷം ലോക്കപ്പിൽവച്ച് മരണമടയുന്നതിന് ആരെങ്കിലും ഉത്തരവാദികളാണെങ്കിൽ തീർച്ചയായും അവരുടെ പേരിൽ നടപടി നടത്തും. ഇതിനെസംബന്ധിച്ച് ആവശ്യമായ നടപടി ഇതിനകം തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly